# നീര ചെത്തിയിറക്കാൻ ചെത്തിക്കോട് നിന്ന് ആദ്യസംഘം

**ഒരു ലക്ഷം പേർക്ക് നീരയുൽപാദനത്തിൽ പരിശീലനം നൽകുന്നതിന്റെ ഭാഗമായ ആദ്യബാച്ചാണ് ചെത്തിക്കോട് ഗ്രാമത്തിൽ പരിശീലനം പൂർത്തിയാക്കുന്നത്**

നെടുമ്പാശേരി ● മാടിന്റെ എല്ലുകൊണ്ട് തെങ്ങിൻ കുലയിലടിച്ചും കുല മുറിക്കുന്നിടത്ത് ചെളി പുരട്ടിയും കാലപ്പഴക്കം ചെന്ന കുടത്തിൽ ഉറുമ്പുകളും ചെള്ളുകളും നിറഞ്ഞ തെങ്ങിൽ നിന്നിറക്കുന്ന കള്ള് പഴങ്കഥ. വൃത്തിയോടെയും ശാസ്ത്രീയമായും കള്ള് ചെത്തിയെടുത്ത് സ്വാദിഷ്ടവും ആരോഗ്യദായകവുമായ പാനീയമായി വിൽപ്പന നടത്തുന്നതിനു നാളികേര വികസന ബോർഡ് നടത്തുന്ന ശ്രമങ്ങൾ വിജയത്തിലേക്ക്. നീരയുൽപാദനത്തിൽ ശാസ്ത്രീയ പരിശീലനം ലഭിച്ച 20 പേരടങ്ങുന്ന ആദ്യസംഘം ഈയാഴ്ച്ച പുറത്തിറങ്ങും.

പരമ്പരാഗത തെങ്ങുചെത്തു തൊഴിലിൽ ഏർപ്പെടുന്ന യുവാക്കളെ പുനരധിവസിപ്പിക്കുന്നതിനും തൊഴിൽ നിലനിർത്തുന്നതിനുമായി ശാസ്ത്രീയമായി നീര ഉൽപാദിപ്പിക്കൽ, നീരയുടെ ഉൽപാദനം, ശേഖരണം, സംസ്കരണം തുടങ്ങിയവ ശുചിയായും അണുവിമുക്തമായും നടപ്പാക്കാൻ ഇവരെ പ്രാപ്തരാക്കൽ എന്നിവയാണ് പരിശീലന പരിപാടി കൊണ്ടുദ്ദേശിക്കുന്നത്. തെങ്ങിൽ നിന്നുള്ള ആദായം വർധിപ്പിക്കുന്നതിന്റെ കൂടി ഭാഗമായി സംസ്ഥാനത്ത് നീരയുൽപാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് ഒരു ലക്ഷം പേർക്ക് ശാസ്ത്രീയ നീരയുൽപാദനത്തിൽ പരിശീലനം നൽകുന്നതിന്റെ ആദ്യബാച്ചാണ് നെടുമ്പാശേരി വിമാനത്താവളത്തിനടുത്തുള്ള ചെത്തിക്കോട് എന്ന ഗ്രാമത്തിൽ പരിശീലനം പൂർത്തിയാക്കുന്നത്.

തൃശൂർ, ആലപ്പുഴ, കോഴിക്കോട്, കൊല്ലം ജില്ലകളിൽ നിന്നുള്ളവരാണ് ആദ്യബാച്ചിൽ പരിശീലനം നേടുന്നത്. ആദ്യഘട്ടത്തിൽ 1400 മാസ്റ്റർ പരിശീലകരെ സൗജന്യമായി പരിശീലിപ്പിച്ച് ഇവരെക്കൊണ്ട് സംസ്ഥാനത്തെമ്പാടുമായി ഒരു ലക്ഷം നീര ടെക്നീഷ്യൻമാരെ വാർത്തെടുക്കുകയാണ് നാളികേര വികസന ബോർഡിന്റെ ലക്ഷ്യം.

നാളികേര വികസന ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ആലുവയിലെ സാങ്കേതിക വികസന കേന്ദ്രമാണ് (സിഐടി) പരിശീലനത്തിന് നേതൃത്വം നൽകുന്നത്. രണ്ടാഴ്ചയാണു പരിശീലന കാലം. പരമ്പരാഗതമായി കള്ളുൽപാദനത്തിൽ ഏർപ്പെട്ടവരെയാണ് ആദ്യഘട്ട പരിശീലനത്തിനു തിരഞ്ഞെടുത്തത്. വൃത്തി കാത്തു സൂക്ഷിക്കുന്നതിനൊപ്പം സാങ്കേതികവശങ്ങളിൽ പരിശീലനവും ലഭിക്കും. ഇതിന് ബോർഡ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 മാസ്റ്റർ പരിശീലകരെ തിരഞ്ഞെടുത്തിരുന്നു. ഇവർക്ക് പ്രത്യേക പരിശീലനം നൽകിയാണ് പരിശീലകരായി നിയമിച്ചത്.



നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ ചെത്തിക്കോട്ട് ശാസ്ത്രീയ നീരയുൽപാദനത്തിൽ പരിശീലനം നൽകുന്നു.

ഇതിൽ ഏഴു പേർ നെടുമ്പാശേരിയിൽ പരിശീലനത്തിന് നേതൃത്വം നൽകുന്നുണ്ട്. ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 24,500 ഓളം തെങ്ങിന്റെ ചങ്ങാതിമാരെ പദ്ധതിയുമായി സഹകരിപ്പിക്കുന്നുണ്ട്. 1400 പേർക്ക് ആദ്യഘട്ടത്തിൽ പരിശീലനം നൽകാനാണുദ്ദേശിക്കുന്നത്. ബോർഡിന്റെ കീഴിലുള്ള കർഷക കൂട്ടായ്മകൾ വഴിയാണ് ആളെ തിരഞ്ഞെടുക്കുന്നത്. ഇവർക്ക് പരിശീലനകാലത്ത് 200 രൂപ പ്രതിദിന ബത്ത നൽകുന്നു. ഇപ്പോൾ പരിശീലനം ലഭിക്കുന്നവരെ അടുത്ത സെന്ററുകളിൽ പരിശീലനത്തിനു നിയോഗിക്കും. ചെത്തിയെടുക്കുന്ന നീര സംഭരണ കേന്ദ്രത്തിൽ എത്തിച്ച് സംസ്കരിക്കുന്നതു സംബന്ധിച്ചും ഒരു ബാച്ചിന് പരിശീലനം നൽകിയിട്ടുണ്ട്. ബോർഡിന്റെ ആലുവ സെന്ററിലും കളമശേരിയിലെ എസ്സിഎംഎസ് കേന്ദ്രത്തിലും പ്രവർത്തനങ്ങൾ നടക്കുന്നു. കളമശേരിയിൽ നീരയുൽപ്പാദനത്തിൽ പരിശീലനം നൽകുന്ന പുതിയ ബാച്ച് ഇന്ന് ആരംഭിക്കും.



നീരയുടെ വിവിധ ഉൽപന്നങ്ങൾ

കുടങ്ങൾക്കു പകരം വൃത്തിയുള്ള കന്നാസുകളാണ് ഉപയോഗിക്കുന്നത്. തെങ്ങിൻകുലയിൽ തേയ്ക്കുന്ന ചെളി സ്റ്ററിലൈസ് ചെയ്തതാണ്. മൂന്നു നേരം ചെത്തുമെങ്കിലും രാവിലെയും വൈകിട്ടും മാത്രമാണ് നീരയിറക്കുക. പ്രതിദിനം പതിനായിരം ലീറ്റർ നീരയുൽപാദിപ്പിക്കാനായാലാണ് ഒരു സംസ്കരണ ഫാക്ടറി ലാഭകരമായി പ്രവർത്തിക്കാനാകുക. ഇങ്ങനെ ഉൽപാദിപ്പിക്കുന്ന നീരയിൽ ആറായിരം ലീറ്റർ പാക്ക് ചെയ്ത് കുടിക്കുവാനും, 2000 ലിറ്റർ തെങ്ങിൻ തേൻ ഉൽപാദനത്തിനും 2000 ലിറ്റർ തെങ്ങിൻ ചക്കരയ്ക്കും ഉപയോഗിക്കുകയാണ് ലക്ഷ്യമിടുന്നത്. ഒരു ലക്ഷം ടെക്നീഷ്യൻമാരുടെ പരിശീലനം പൂർത്തിയായി രണ്ടു വർഷം കൊണ്ട് നാളികേര വികസന ബോർഡിന്റെ പദ്ധതി പൂർണമായി പ്രാവർത്തികമാകുമ്പോൾ ഏതാണ് 60,000 കോടി രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിടുന്നത്.